ഉത്തരം

2014-15 വരെ ഇന്ദിരാ ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 75:25 അനുപാതത്തിലാണ് വകയിരുത്തിയിരുന്നത്. 2015-16 മുതൽ അത് 50:50 അനുപാതത്തിൽ കേന്ദ്ര സർക്കാർ പുനഃക്രമീകരിക്കാൻ ആലോചിക്കുന്നതായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

അലയമൺ ഗ്രാമപഞ്ചായത്തിന്റെ ബ്ലോക്കുമാറ്റം

8 (5355) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അലയമൺ ഗ്രാമപഞ്ചായത്തിലെ ബ്ലോക്ക് ഡിവിഷനുകളെ അഞ്ചൽ ബ്ലോക്കിൽ നിന്നും മാറ്റി ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തിയ തീരുമാനം പുനഃപരിശോധിക്കുമോ ; ജനവികാരം മാനിച്ച് അലയമൺ പഞ്ചായത്തിനെ അഞ്ചൽ ബ്ലോക്കിൽ തന്നെ നിലനിർത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ബ്ലോക്ക് പുനഃസംഘടന സംബന്ധിച്ച ആക്ഷേപങ്ങൾ/നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ആക്ഷേപകരെ ജൂലൈ 24, 25 തീയതികളിൽ നേരിൽ കേൾക്കുകയും ചെയ്തിട്ടുണ്ട്. ടി അഭിപ്രായങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് പുനഃക്രമീകരണം

9 (5356) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച മാനദണ്ഡം വിശദമാക്കുമോ ?

ഉത്തരം

ബ്ലോക്ക് പഞ്ചായത്തുകളെ കഴിയുന്നിടത്തോളം നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ ഒരു ബ്ലോക്കായി ക്രമീകരിക്കുകയോ, അതിന് കഴിയുന്നില്ലെങ്കിൽ പരമാവധി രണ്ട് ബ്ലോക്കുകളിലായി ക്രമീകരിക്കുകയോ ചെയ്യുക എന്ന മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ള പുനഃക്രമീകരണം നടന്നുവരുന്നതേയുള്ളൂ. വാർഡ് വിഭജനം സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly